(എഫ്) ഇതിനായി എന്തു തുക ചെലവഴിച്ചു; ഇതിൽ ഓപ്പറേഷൻ മെയിന്റനൻസിനായി എന്തു തുക ചെലവഴിച്ചു;

(ജി) ഈ തുക പ്രോജക്ടിന്റെ ഭാഗമായി റീ-ഇംപേഴ്സ് ചെയ്തു ലഭിക്കുമോ;

(എച്ച്) നാഷണൽ ഹൈഡ്രോളജി പ്രോജക്ട് 2-ന്റെ പ്രോജക്ട് അപ്രൈസൽ ഡോക്കുമെന്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1996 ജനുവരി മാസം നാഷണൽ ഹൈഡ്രോളജി പ്രോജക്ട് ആരംഭിച്ചു. ഇതിന്റെ ഒന്നാം ഘട്ടം 2003 ഡിസംബർ മാസം 31-ാം തീയതി പൂർത്തീകരിച്ചു.

(ബി) ഇതിന്റെ രണ്ടാം ഘട്ടം പദ്ധതി ആരംഭിച്ചിട്ടില്ല. രണ്ടാം ഘട്ടം ആരംഭിക്കാനുള്ള Expenditure Finance Committee (EFC) മെമ്മോ കേന്ദ്ര സർക്കാരിന്റെ അനുമതിക്കുള്ള പരിഗണനയിലാണ്. അതിനുശേഷം ലോകബാങ്കുമായി കരാറിൽ ഒപ്പുവയ്ക്കും.

(സി) ഒന്നാം ഘട്ടം പദ്ധതി 31-12-2003-ന് പൂർത്തീകരിച്ചു. രണ്ടാംഘട്ട പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ലബോറട്ടറി ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, റെയിൻ സോഫ്റ്റ് വെയർ, ബാറ്ററി, ടയർ, ജിയോഫിസിക്കൽ ഉപകരണങ്ങൾ, ജി.പി.എസ്. മുതലായവയാണ് വാങ്ങിയിട്ടുള്ളത്.

(എഫ്) ഉപകരണങ്ങൾ വാങ്ങുന്നതിനായി 43,41,279 രൂപയും ഓപ്പറേഷൻ മെയിന്റനൻസിനായി 56,92,010 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ജി) ഇല്ല.

(എച്ച്) ഇല്ല.

റാന്നി എൽ. ഐ. സി. പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ

91 [1921] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി എൽ.ഐ.സി. പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ;

(ബി) ശുദ്ധീകരണ പ്ലാന്റടക്കം ഏറ്റെടുത്തിരിക്കുന്ന സ്ഥലത്തിന്റെ പ്രതിഫലം നൽകുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) 60 ശതമാനം ഫണ്ട് ലഭിക്കാൻ നബാർഡ് ധനസഹായ പദ്ധതിയായ ആർ.ഐ.ഡി.എഫ്. XI-ൽ പദ്ധതിയെ ഉൾപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പദ്ധതി എത്രയും വേഗം നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭൂതല ജല സംഭരണി, ജല ശുദ്ധീകരണശാല, കിണർ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) വാട്ടർ അതോറിറ്റി ബോർഡിന്റെ പരിഗണനയിലാണ്.

(സി) ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) എൽ.ഐ.സി. വായ്പയിൽ നിന്നും ലഭിച്ച 175.22 ലക്ഷം രൂപ ഉപയോഗിച്ച് ഇപ്പോൾ പദ്ധതി ഭാഗികമായി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ബാക്കിയുള്ളത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ.

നെയ്യാർ ജലസംഭരണിയിൽ മത്സ്യ കൃഷി ചെയ്യുന്നതിന് പട്ടിക വിഭാഗ സഹകരണ സംഘങ്ങൾക്ക് അനുമതി

92 |1922| *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ജലസംഭരണിയിൽ മത്സ്യ കൃഷി ചെയ്യുന്നതിന് പട്ടിക വിഭാഗ സഹകരണ സംഘങ്ങൾക്ക് വന്യജീവി വകുപ്പിൽ നിന്നും അനുവാദം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാർ ജലസംഭരണി വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ ഭാഗമായതിനാൽ 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം മത്സ്യകൃഷിക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly